# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 01, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 24 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, അതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 12 പേർക്കും എറണാകുളം ജില്ലയിൽ നിന്നും 3 പേർക്കും തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിന്ന് രണ്ടു പേർക്ക് വീതവും, പാലക്കാട് ജില്ലയിൽ നിന്നും ഒരാൾക്കും ആണ് രോഗം സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. തിരുവനന്തപുരം, കോഴിക്കോട് ജില്ലളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെയും പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. രോഗം സ്ഥിരീകരിച്ച 237 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 202 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 164130 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 163508 പേർ വീടുകളിലും 622 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 7965 സാമ്പിളുകൾ പരിശോധിച്ചതിൽ 7256 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും, വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ലാബുകൾ തിരിച്ച് എത്ര ടെസ്റ്റുകൾ നടത്താൻ സാധിക്കും എന്നും അദ്ദേഹം വിവരിച്ചു. കോവിഡ് ആശുപത്രികളുടെ പട്ടിക തയ്യാറായിട്ടുണ്ട്. ആശുപത്രകളെ കോവിഡ് ആശുപത്രികളാക്കി മാറ്റുവാൻ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നാലു ദിവസത്തിനുള്ളിൽ ഇവിടെ കോവിഡ് ആശുപത്രി തുടങ്ങുവാൻ സാധിക്കുന്നതാണ്.

## ചീഫ് സെക്രട്ടറി

2153 ചരക്കുവാഹനങ്ങൾ ഇന്നെത്തിയിട്ടുണ്ട്. ആവശ്യമായ സ്റ്റോക്കുകൾ കൂടി വരുന്നുണ്ട്. സ്റ്റോക്കുകളുടെ നിരീക്ഷണം വാർ റൂമിൽ ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ 16 പഞ്ചായത്തുകളിലായി 107 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ പഞ്ചായത്തുകളെ പ്രത്യേകമായി തിരിച്ച് അവിടെയുള്ള ആൾക്കാരുടെ യാത്രകൾ നിരോധിക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണവും മറ്റ് അവശ്യ സാധനങ്ങളും അവിടെ എത്തിച്ചുകൊടുക്കുകയും ചെയ്താൽ ഈ മേഖലകളിൽ നിന്നുമുള്ള രോഗവ്യാപനം തടയുവാൻ സാധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ ഏകദേശം 97486 കിടക്കകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 7798 കിടക്കകൾ ഉടനെ ഉപയോഗിക്കാൻ പറ്റുന്ന തരത്തിലാ

ണ്. ഇങ്ങനെയുള്ള ഒരു ലക്ഷം കിടക്കകൾ കണ്ടെത്തുക എന്നുള്ളതാണ് ലക്ഷ്യം. ഇൻഡോർ ഔട്ട് ഡോർ സ്റ്റേഡിയങ്ങളുടെ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രത്യേക സംഘത്തിന്റെ സഹായത്തോടെ ഇവിടെ കൊവിഡ് നിരീക്ഷണകേന്ദ്രങ്ങൾ താത്കാലികമായി നിർമ്മിക്കാവുന്നതാണ്. ടെസ്റ്റ് കിറ്റുകൾ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ഓർഡർ ചെയ്ത കിറ്റുകൾ ഒരുമിച്ച് ലഭിക്കില്ല എന്നുള്ളത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഹോട്ടലുകളിൽ നിന്നും ഭക്ഷണം വീടുകളിൽ എത്തിച്ചു നൽകുന്നതിനുള്ള സമയം രാത്രി എട്ടു മണി വരെ ആക്കുണമെന്നുള്ള അഭ്യർത്ഥന ഉയർന്നു വരുന്നു. ലോക്ക് ഡൗണിന്റെ ഭാഗമായി ഏകദേശം 22338 ഓളം കേസുകൾ രജിസ്റ്റർ ചെയ്യുകയും 21555 ഓളം അറസ്റ്റ് രേഖപ്പെടുത്തുകയും 12783 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്നും വാങ്ങുന്നതിനായുള്ള കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് ആഗോള ടെൻഡർ വിളിക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ആർ ജി സി ബി യിൽ പ്രതിദിനം ആയിരം ടെസ്റ്റുകൾ വരെ ചെയ്യുവാൻ സാധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തിൽ പ്രതിദിനം 30 സാമ്പിളുകൾ മാത്രമാണ് അവിടെ ടെസ്റ്റിങ്ങിനായി എത്തുന്നത്. ആവശ്യം കൂടി വന്നാൽ ടെസ്റ്റുകളുടെ എണ്ണം കൂട്ടാമെന്ന് അവർ അറിയിച്ചിട്ടുണ്ട്. ഇനി ചെയ്യേണ്ട ഒരു പ്രധാന കാര്യം വൈറസിന്റെ ജനിതക സീക്വൻസിംഗ് ആണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വാക്സിനുകൾ നിർമ്മിക്കുന്നതിന് വൈറസ്സുകളുടെ ജനിതക സീക്വൻസിംഗ് ആവശ്യമാണ്. ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് ചില സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടി വരും. പോസിറ്റീവ് കേസുകളുടെ വിശദാംശങ്ങൾ ഇതിന് ആവശ്യം വരും എന്നതിനാൽ ഈ വിശദാംശങ്ങൾ ആർ ജി സി ബി ക്ക് നൽകേണ്ടി വരും. സി എസ്സ് ഐ ആർ ൽ പ്രവർത്തിക്കുന്ന ഇതിനായുള്ള എല്ലാ സഹകരണങ്ങളും അറിയിച്ചിട്ടുണ്ട്.

## ഡയറക്ടർ ജനറൽ - ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്

സിവിൽ ഡിഫൻസിനു കീഴിലുള്ള സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ 607 ആൾക്കാർക്ക് മരുന്നുകൾ നൽകിയിട്ടുണ്ട്. മറ്റു രോഗങ്ങളുള്ള 140 രോഗികളെ ആശുപത്രികളിൽ എത്തിച്ചിട്ടുണ്ട്. കാൻസർ രോഗികൾക്ക് മരുന്നുകൾ നൽകുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ലോക്ക് ഡൗൺ മൂലം വീടുകളിൽ കഴിയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി, ഇവരെ അവരുടെ ജില്ലകളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കാസർഗോഡുള്ള സെൻട്രൽ യൂണിവേഴ്സിറ്റി ടെസ്റ്റിങ്ങ് ആരംഭിക്കുന്നതിനുള്ള ടെസ്റ്റ് കിറ്റുകൾ നൽകിയിട്ടുണ്ടോ എന്ന് മുഖ്യമന്ത്രിയുടെ ചോദ്യത്തിനു മറുപടിയായി 50 കിറ്റുകൾ നൽകിയിട്ടുണ്ട് എന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

2. ചരക്ക് ഗതാഗതത്തിന്റെ കാര്യത്തിൽ ആശ്വാസത്തിനു വകയുണ്ട്. ഇതു കൂടുതൽ ശക്തിപ്പെടുത്തണം. **(ചുമതല ഗതാഗത, ആഭ്യന്തര, പൊതുഭരണ വകുപ്പ്)**
3. കൂട്ടുപ്പുഴ, കാസർഗോഡ് എന്നീ കർണാടക അതിർത്തികളിൽ ബ്ളോക്കുകൾ മാറ്റിയിട്ടില്ല. ആളുകളുടെ യാത്ര തടയാം, എന്നാൽ റോഡ് ബ്ളോക്ക് ചെയ്യുന്ന നടപടി അംഗീകരിക്കാവുന്നതല്ല. **(ചുമതല ഗതാഗത, ആഭ്യന്തര വകുപ്പ്)**
4. കർണാടക അതിർത്തി അടച്ചത് കാരണം 7 പേർ മരിച്ചു. അതൊഴിവാക്കാൻ അതിർത്തി തുറക്കാൻ കർണാടക സർക്കാരിനോട് ബന്ധപ്പെടണം **(ചുമതല-ആഭ്യന്തര വകുപ്പ്)**
5. ആർ സി സിയിൽ കൊവിഡ് അല്ലാത്ത മറ്റു പരിശോധനകൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കണം. മറ്റു ഗുരുതര രോഗങ്ങൾ കൂടി കൊറോണയുടെ കൂട്ടത്തിൽ തന്നെ ശ്രദ്ധിക്കണം. എം സി സി യിലും ഇങ്ങനെ തന്നെയാണോ എന്ന് പരിശോധിക്കണം. **(ചുമതല ആരോഗ്യ വകുപ്പ്, ആർ സി സി, എം സി സി)**
6. 50,000 ലിറ്റർ പാൽ, പാൽപ്പൊടിയാക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. ബാക്കിവരുന്ന പാലിന്റെ കാര്യത്തിൽ ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തു എസ് ഡി ആർ എഫ് ലൂടെ അതിഥി തൊഴിലാളികൾക്ക് കൊടുക്കാം. അംഗൻവാടി വഴി നൽകുന്ന പാൽ ബഡ്ജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. **(ചുമതല ധനകാര്യ, മൃഗസംരക്ഷണ വകുപ്പ്)**
7. സന്നദ്ധ പോർട്ടൽ വഴി 1.92 ലക്ഷം ആൾക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 21,000 ആൾക്കാർ യുവജന കമ്മീഷൻ വഴിയും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിക്കേണ്ടതാണ്. യുവജന കമ്മീഷൻ നൽകിയ പട്ടിക പഞ്ചായത്ത് അടിസ്ഥാനത്തിലല്ല. ഇത് പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമെന്ന് യുവജന കമ്മീഷൻ സമ്മതിച്ചിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. **(ചുമതല തദ്ദേശസ്വയംഭരണ വകുപ്പ്)**
8. ജയിലുകളിൽ ഏഴായിരം ലിറ്റർ സാനിറ്റൈസർ നിർമ്മിച്ചിട്ടുണ്ട്. 55 ജയിൽ സ്ഥാപനങ്ങളിൽ നിന്ന് 285467 മാസ്ക്കുകൾ നിർമ്മിച്ചു. ഇതിൽ 262825 മാസ്ക്കുകൾ വിതരണം നടത്തി. 22742 മാസ്ക്കുകൾ വിവിധ സേനകൾക്ക് സൗജന്യമായി നൽകി. 4268 ലിറ്റർ സാനിറ്റൈസർ വിൽപ്പന നടത്തി. 2737 ലിറ്റർ സൗജന്യമായി നൽകി.
9. അധികം ആൾക്കാരും ടെസ്റ്റ് ചെയ്യുന്നതിനായി ടെസ്റ്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തണം. റാപ്പിഡ് ടെസ്റ്റിംഗ് വേഗത്തിലാക്കണം. **(ചുമതല ആരോഗ്യ വകുപ്പ്)**.
10. രോഗപ്രതിരോധമാർഗ്ഗങ്ങളുടെ കാര്യം ചർച്ച ചെയ്യുന്നതിനായി ആയുർവേദ വകുപ്പിനുപുറമേ ഹോമിയോ വകുപ്പും സമീപിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല ആയുഷ് വകുപ്പ്)**
11. വിദേശരാജ്യങ്ങളിൽ കൊറോണയല്ലാതെ മറ്റു രോഗങ്ങളാൽ മരിക്കുന്നവരുടെ മൃതദേഹം നാട്ടിലേയ്ക്ക് കൊണ്ടുവരുന്നതിനു ബുദ്ധിമുട്ട് നേരിടുന്നുണ്ട്. മൃതദേഹം കൊണ്ടുവരുന്നതിനു ചരക്കുവിമാനങ്ങളുടെ സഹായം തേടുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം. **(ചുമതല പ്രവാസികാര്യ വകുപ്പ്)**
12. ഗൾഫിൽ ജോലിസ്ഥലങ്ങളിൽ ബാച്ചിലേഴ്സ് ധാരാളം ഒരുമിച്ചാണ് താമസിക്കുന്നത്. അവർ രോഗലക്ഷണങ്ങൾ കാണിച്ചാൽ ക്വാറന്റൈയിൻ സ്ഥലത്തേക്ക് വിടും. അവർക്ക് അവിടെ താമസിക്കാൻ ഇടമില്ലാത്തതിനാൽ

എംബസിയെ അിറയിച്ച് താമസസ്ഥലം ഏർപ്പാടാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം **(ചുമതല – പൊതുഭരണവകുപ്പ്, പ്രവാസികാര്യ വകുപ്പ്).**

13. വിദേശരാജ്യങ്ങളിലുള്ള ആരോഗ്യപ്രവർത്തകരുടെ കാര്യത്തിൽ നാട്ടിലുള്ളവർ ഉത്കണ്ഠാകുലരാണ്. ഈ വിവരവും കേന്ദ്രത്തിൽ അറിയിക്കണം **(ചുമതല – പൊതുഭരണവകുപ്പ്, പ്രവാസികാര്യ വകുപ്പ്).**
14. മദ്രസ അധ്യാപകർക്ക് ക്ഷേമനിധി ബോർഡ് 2000 രൂപ താൽക്കാലിക ആശ്വാസം നൽകും. **(ചുമതല – ക്ഷേമനിധി ബോർഡ്).**
15. ഇൻഷുറൻസ് പരിരക്ഷ ആരോഗ്യപ്രവർത്തകരോടൊപ്പം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ജീവനക്കാർക്കും റേഷനിംഗ് ജീവനക്കാർക്കും, പോലീസുകാർക്കും, ഗ്യാസ് വിതരണം ചെയ്യുന്നവർക്കും കൂടി ഏർപ്പെടുത്താൻ കേന്ദ്രത്തോട് ശുപാർശ ചെയ്യണം **(ചുമതല – പൊതുഭരണവകുപ്പ്).**
16. കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖയും തീരുമാനവും ആരോഗ്യ വകുപ്പ് പുറത്തിറക്കണം **(ചുമതല –ആരോഗ്യ വകുപ്പ്).**
17. വളം കൃഷിവകുപ്പ് വീടുകളിൽ എത്തിക്കണം. **(ചുമതല- കൃഷി വകുപ്പ്)**
18. ക്ഷേമപെൻഷൻ വാങ്ങാനാകാത്തവർക്ക് അത് സഹകരണ ബാങ്കുകളിൽ സൂക്ഷിക്കാവുന്നതാണ് **(ചുമതല- ധനകാര്യ വകുപ്പ്, സഹകരണവകുപ്പ്)**
19. എൻഡോസൾഫാൻ ദുരിതബാധിതരുടെ വീടുകളിൽ അരി എത്തിക്കേണ്ടതാണ്. **(ചുമതല- തദ്ദേശസ്വയംഭരണ വകുപ്പ്, സിവിൽസപ്ലൈസ് വകുപ്പ്, ജില്ലാ കളക്ടർ കാസർഗോഡ്)**
20. വ്യാജമദ്യനിർമ്മാണം കർക്കശമായി തടയണം **(ചുമതല- എക്സൈസ് വകുപ്പ്)**
21. പാചകവാതക സിലിണ്ടർ കൊണ്ട് വരുന്നവർക്ക് കൈയ്യുറ, മാസ്ക്ക്, സാനിറ്റൈസർ എന്നിവ ലഭ്യമാക്കേണ്ടതാണ്. **(ചുമതല- തദ്ദേശസ്വയംഭരണ വകുപ്പ്)**
22. അതിഥി തൊഴിലാളികൾക്ക് ഫാക്ടറികളിൽ പോയി ഭക്ഷണം കഴിക്കാനുള്ള ഇടയുണ്ടാക്കാതെ താമസസ്ഥലങ്ങളിൽതന്നെ ഭക്ഷണം നൽകാനുള്ള നടപടികൾ തൊഴിലുടമകൾ സ്വീകരിക്കേണ്ടതാണ്. അതിഥി തൊഴിലാളികളുടെ വിവരം ശേഖരിക്കുമ്പോൾ ഏത് തൊഴിലുടമയുടെ കീഴിൽ ആണ് ജോലിചെയ്യുന്നത് എന്ന വിവരം കൂടി ശേഖരിക്കേണ്ടതാണ്. **(ചുമതല- ആഭ്യന്തര വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)**
23. കൊവിഡ് രോഗികളെ പരിചരിക്കുന്ന ആശുപത്രി ജീവനക്കാർ വീടുകളിൽ പോകുന്നത് ഒഴിവാക്കി ആശുപത്രിക്കടുത്തുള്ള താമസസ്ഥലങ്ങളിൽ തുടരേണ്ടതാണ്.**(ചുമതല- ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)**
24. കമ്മ്യൂണിറ്റി കിച്ചനുകളിൽ സന്നദ്ധപ്രവർത്തകരായ പാചകതൊഴിലാളികൾക്ക് വേതനം നൽകുന്നതായി ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് സന്നദ്ധപ്രവർത്തകരായവർക്ക് വേതനം നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് അത് ശ്രദ്ധിച്ച് ഒഴിവാക്കേണ്ടതാണ്. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**
25. ചില സന്നദ്ധപ്രവർത്തകർ മാസ്ക്കുകൾ വാങ്ങി കറങ്ങി നടക്കുന്നു. ഇതിൽ ക്രിമിനൽ പശ്ചാത്തലമുള്ളവർക്കും വോളന്റിയർ കാർഡ് ലഭിച്ചതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല- ആഭ്യന്തര വകുപ്പ്)**
26. തബ് ലീഗ് സമ്മേളനങ്ങളിൽ പങ്കെടുത്തവർ വീടുകളിൽ നിരീക്ഷണത്തിലിരിക്കുന്നു എന്നുറപ്പ് വരുത്തേണ്ടതാണ്. എന്നാൽ മതവിദ്വേഷകരമായ

പ്രചാരണം പാടില്ല. **(ചുമതല- ആരോഗ്യ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് )**

27. വിഴിഞ്ഞത്ത് മത്സ്യം വാങ്ങാനായി തിരക്ക് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇത് ഒഴിവാക്കേണ്ടതാണ് **(ചുമതല- ആഭ്യന്തര വകുപ്പ്)**
28. പരിശോധനയ്ക്ക് നിൽക്കുന്ന പോലീസുകാർ സുരക്ഷാ ഉപകരണങ്ങൾ ധരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ് **(ചുമതല- ആഭ്യന്തര വകുപ്പ്)**
29. പച്ചക്കറി വിലവർദ്ധന തടയാൻ നടപടി എടുക്കേണ്ടതാണ്. **(ചുമതല - സിവിൽസപ്ലൈസ് വകുപ്പ്)**.
30. ചില സ്ഥലങ്ങളിൽ റേഷനരി നൽകുന്നതിൽ അളവിൽ കുറവ് വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യമായ അളവിൽ ഇത് നൽകുന്നു എന്നത് ജില്ലാകളക്ടർമാരും പോലീസ് വിജിലൻസ് വിഭാഗവും ഉറപ്പ് വരുത്തേണ്ടതാണ്.

    **(ചുമതല – സിവിൽസപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്)**
31. കുരുമുളക് വിളവെടുത്തത് സഹകരണ സംഘങ്ങളിൽ കീലോക്ക് ചെയ്ത് വയ്ക്കാവുന്നതാണ്. കശുവണ്ടി, എണ്ണപ്പന എന്നിവയും വിളവെടുത്ത് സംഭരിക്കാനുള്ള നടപടി സ്വീകരിക്കണം. വാഴക്കൃഷിക്ക് ആവശ്യത്തിന് വെള്ളം നൽകാനുള്ള നടപടിയും സ്വീകരിക്കണം **(ചുമതല- കൃഷി വകുപ്പ്)**
32. ലുലുഗ്രൂപ്പ് ചെയർമാൻ ശ്രീ.യൂസഫലി ഡൽഹിയിൽ നിന്ന് 1 ലക്ഷം മാസ്ക്ക് വാങ്ങി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. **(ചുമതല- പൊതുഭരണ വകുപ്പ്)**
33. പ്ലാന്റേഷൻ തൊഴിലാളികൾ കൂട്ടത്തോടെ ഇറങ്ങി ജോലി ചെയ്യുന്നത് പരിശോധിക്കണം. ക്യാബിനറ്റ് ഇത് ചർച്ച ചെയ്യും **(ചുമതല- ആഭ്യന്തര, തൊഴിൽ വകുപ്പ്)**
34. സന്നദ്ധ പോർട്ടലിൽ 2 ലക്ഷത്തോളം സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു. നമുക്കാവശ്യത്തിനുള്ള സന്നദ്ധ പ്രവർത്തകർ ഉടനെ എത്തും. **(ചുമതല- തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുഭരണ വകുപ്പ്)**
35. കേരള ബിൽഡിംഗ് ഓണേഴ്സ് അസോസിയേഷൻ ഒരു മാസത്തെ വാടക ഇളവ് നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്.
36. അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ 48 മണിക്കൂറിനുള്ളിൽ കൗൺസിലർമാരെത്തി അവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകണമെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടു. എന്നാൽ കേരളത്തിൽ ഇത് നേരത്തേ തന്നെ ആരംഭിച്ചതാണ്. ഇത് വേണ്ട രീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ, തൊഴിൽ വകുപ്പ്)**
37. സന്നദ്ധ പ്രവർത്തകർ, ജില്ലകളിലെ കളക്ടർമാർ, എസ് പി മാർ കൊടുക്കുന്ന പാസ്സുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. മറ്റു പാസ്സുകൾ അംഗീകരിക്കാവുന്നതല്ല. **(ചുമതല- ആഭ്യന്തര വകുപ്പ്)**
38. അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് നിരീക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിരുന്നു. എന്നും ഇതിനായി അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരവുമായി ചർച്ച ചെയ്തു ഒരു സ്റ്റോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും ഇതിന് അനുമതി നൽകുകയാണെങ്കിൽ ഉപയോഗിച്ചു തുടങ്ങാമെന്നും ഐ ടി സെക്രട്ടറി അറിയിച്ചു. ഇതിനു അനുമതി നൽകുന്നതായി മുഖ്യമന്ത്രി പറഞ്ഞു. **(ചുമതല - ഐ ടി വകുപ്പ്, ആഭ്യന്തര വകുപ്പ്)**

യോഗം 5 മണിക്ക് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ